LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങളുടെയും പാലങ്ങളുടെയും സ്ട്രക്ച്ചറൽ ഡിസൈൻ ഔട്ട്സോഴ്സ് ചെയ്യുന്നതിന് DRIQ-ന് അനുമതി

216 (1944) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സർക്കാർ കെട്ടിടങ്ങളുടേയും പാലങ്ങളുടേയും സ്ട്രക്ചറൽ ഡിസൈൻ ഔട്ട്സോഴ്സ് ചെയ്യുന്നതിന് ഡ്രിക്ക് (DRIQ) ബോർഡിന് അനുമതി നൽകിയിട്ടുണ്ട് ;

(ബി) ഇതിനായി എത്ര സംഖ്യ നാളിതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

മാനന്തവാടി താലൂക്കിൽ പി.ഡബ്ല്യു.ഡി (റോഡ്സ്&ബ്രിഡ്ജസ്) നടത്തിയ വികസന പ്രവൃത്തികൾ

217 (1945) ശ്രീ. സി. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പി.ഡബ്ല്യു.ഡി. (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൽ നടത്തിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവൃത്തികളുടെ പേരുവിവരങ്ങളും ഓരോ പ്രവൃത്തിയിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പി.ഡബ്ല്യു.ഡി (ബിൽഡിംഗ്സ്)വകുപ്പ് ഏറ്റെടുത്ത് നടത്തിയ നിർമ്മാണ-വികസന പ്രവൃത്തികൾ

218 (1946) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്) വകുപ്പ് ഏറ്റെടുത്ത് നടത്തിയ നിർമ്മാണ-വികസന പ്രവൃത്തികളുടെ പേരുവിവരങ്ങളും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ ?

† അനുബന്ധം - VI